**പതിനഞ്ചാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2023 ഫെബ്രുവരി 01, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

1 (*1) എല്ലാ പഞ്ചായത്ത് ഓഫീസുകളിലും പൊതുജന സേവന കേന്ദ്രങ്ങൾ

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, വിവിധ വകുപ്പുകൾ/ഏജൻസികളിൽ നിന്നുള്ള സേവനങ്ങളും വിവരങ്ങളും ലഭ്യമാക്കുന്നതിനായി 'ഒപ്പമുണ്ട് ഉറപ്പാണ് എന്ന ടാഗ് ലൈനോടുകൂടി ഗ്രാമപഞ്ചായത്തുകളിൽ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുമെന്നും 2023 ഏപ്രിൽ മുതൽ ഈ സംവിധാനം നിലവിൽ വരുമെന്നും സഭയെ അറിയിച്ചു. ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരെയോ കുടുംബശ്രീ ഹെൽപ്ഡെസ്ക് സംവിധാനത്തെയോ എം.എസ്.ഡബ്ല്യു. യോഗ്യതയുള്ളവരെ

'കില' വഴി പരിശീലനം നൽകി നിയോഗിച്ചോ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിപ്പിക്കുന്നതാണ്. ഗ്രാമപഞ്ചായത്തുകളിൽ ഏർപ്പെടുത്തിയ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സംവിധാനത്തിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും കൈപ്പറ്റ് രസീത് ഉപയോഗിച്ച് നടപടി ഘട്ടങ്ങൾ അറിയുന്നതിനും സാധിക്കുമെന്നും മോണിറ്ററിംഗ് ഡാഷ് ബോർഡ് മുഖേന ഫയൽ നീക്കം മോണിറ്റർ ചെയ്യാൻ കഴിയുമെന്നും നഗരസഭകളിലും സമാന സംവിധാനം ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി. സിറ്റിസൺ സർവ്വീസ് പോർട്ടലിലൂടെ ലഭിച്ച 1041873 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. പോർട്ടലിന്റെ പ്രവർത്തനം സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി പ്രചരണ പരിപാടികൾ നടത്തുന്നുണ്ടെന്നും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണാ സംവിധാനമായി ജില്ലകളിൽ ഒറ്റ ഓഫീസും സംസ്ഥാനതലത്തിൽ ഒറ്റ ഡയറക്ടറേറ്റും നിലവിൽ വന്നിട്ടുണ്ടെന്നും ഉദ്യോഗസ്ഥർക്കുള്ള ഫംഗ്ഷണൽ മാന്വൽ ഉടൻ പുറപ്പെടുവിക്കുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ ഏകീകൃത ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിച്ചിട്ടുണ്ടെന്നും ഉപജില്ല/ജില്ല/സംസ്ഥാന

തലങ്ങളിൽ സ്ഥിരം അദാലത്ത് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. പഞ്ചായത്തുകളിലെ എല്ലാ സേവനങ്ങളും ഉപയുക്തമാക്കാവുന്ന മൊബൈൽ ആപ്ലിക്കേഷൻ, ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം തുടങ്ങിയവ സംബന്ധിച്ച് പരിശോധിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

2 (*2) <u>ന്യൂനപക്ഷ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികൾ</u>

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) നൽകിയ മറുപടിയിൽ, ന്യൂനപക്ഷ ക്ഷേമത്തിനായി വിവിധ സ്കോളർഷിപ്പുകൾ, തൊഴിൽ നൈപുണ്യ/അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതി തുടങ്ങിയവ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. വിദേശ സർവ്വകലാശാലകളിൽ ഉന്നത പഠനം നടത്തുന്നതിനായി എടുക്കുന്ന വിദ്യാഭ്യാസ വായ്പയുടെ പലിശ ധനസഹായമായി അഞ്ച് ലക്ഷം രൂപയുടെ സ്കോളർഷിപ്പ്, പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾ പഠിക്കുന്നതിനായി 30 ലക്ഷം രൂപയുടെ വായ്പ, 20 ലക്ഷം രൂപയുടെ പാരന്റ് പ്ലസ് വിദ്യാഭ്യാസ വായ്പ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്ന് വ്യക്തമാക്കി.

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ടവർക്ക് വായ്പാ പദ്ധതികളും കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് മുഖേന മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയും നടപ്പിലാക്കുന്നുണ്ട്. പാലോളി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിലുള്ള മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതാണെന്നും ന്യൂനപക്ഷ എയ്ഡഡ് കോളേജുകളിൽ കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

3 (*3) <u>പ്രധാൻമന്ത്രി ഗരീബ് കല്യാൺ യോജന പ്രകാരമുള്ള സബ്സിഡി അരി നിർത്തലാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം</u>

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) നൽകിയ മറുപടിയിൽ, പ്രധാൻമന്ത്രി ഗരീബ് കല്യാൺ യോജന (PMGKAY) കേന്ദ്രസർക്കാർ നിർത്തലാക്കിയതിലൂടെ സംസ്ഥാനങ്ങൾക്ക് നൽകി വന്നിരുന്ന ഭക്ഷ്യധാന്യ വിതരണം പകുതിയായി കുറഞ്ഞെന്നും പ്രസ്തുത

നടപടി കേരളത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 40 ലക്ഷത്തോളം മുൻഗണനാ കാർഡുടമകൾക്ക് കിട്ടിക്കൊണ്ടിരുന്ന 77,400.06 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളുടെ വിതരണം അവസാനിപ്പിച്ചിരിക്കുകയാണെന്നും മുൻഗണനാ വിഭാഗത്തിനുള്ള നോർമൽ റേഷൻ വിഹിതത്തിൽ വർദ്ധനവ് വരുത്താതെ പദ്ധതി നിർത്തലാക്കിയത് ഭക്ഷ്യദൗർലഭ്യത്തിനും വിലക്കയറ്റത്തിനും കാരണമാകുമെന്നും അരിവിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാർ അനുകൂല നിലപാട് സ്വീകരിച്ചിട്ടില്ലെന്നും ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം എ.എ.വൈ, പ്രയോറിറ്റി വിഭാഗങ്ങൾക്ക് ലഭ്യമായിരുന്ന അരിയും ഗോതമ്പും 2023 ജനുവരി മുതൽ ഒരു വർഷത്തേയ്ക്ക് സൗജന്യമാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഇ-പോസ് മെഷീനുകളുടെ തകരാറുമൂലം റേഷൻ വിതരണത്തിലുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. 'ഓപ്പറേഷൻ യെല്ലോ' പ്രകാരം അനർഹരുടെ കൈവശമുണ്ടായിരുന്ന റേഷൻ കാർഡുകൾ പിടിച്ചെടുത്ത് പിഴ ഈടാക്കിയിട്ടുണ്ടെന്നും 286087 മുൻഗണനാ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും ജനസംഖ്യാനുപാതികമായി മുൻഗണനാ കാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട്

ആവശ്യപ്പെട്ടിട്ടുണ്ടെന്നും സംസ്ഥാനത്തെ മുഴുവൻ റേഷൻ കാർഡുകളും ആധാറുമായി ബന്ധിപ്പിച്ചിട്ടുണ്ടെന്നും നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 189.37 കോടി രൂപയുടെ കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

4 (*4) <u>കെ-ഫോൺ പദ്ധതി</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ചിട്ടുണ്ടെന്നും 'കെ-ഫോൺ' പദ്ധതിയിലൂടെ സാർവത്രിക ഇന്റർനെറ്റും സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റും ഉറപ്പുവരുത്തുന്നതാണെന്നും സഭയെ അറിയിച്ചു. കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ ലൈസൻസും ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ ലൈസൻസും ലഭിക്കുകയും 26057 സ്ഥാപനങ്ങളിൽ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും 11832 ഓഫീസുകളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ 100 ബി.പി.എൽ. കുടുംബങ്ങൾക്ക് വീതം ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിനുള്ള നടപടി പുരോഗമിക്കുന്നുണ്ടെന്നും പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ ഗ്രാമീണ/മലയോര മേഖലകളിൽ

ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്താൻ സാധിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കേരള നോളജ് ഇക്കോണമി മിഷൻ ആരംഭിച്ചതിലൂടെ 32,235 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഡിജിറ്റൽ സർവ്വകലാശാലയുടെ മേൽനോട്ടത്തിൽ 1515 കോടി രൂപയുടെ ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും മൂന്നുവർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും ആശയങ്ങളെ ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററായി പാർക്ക് പ്രവർത്തിക്കുമെന്നും വ്യക്തമാക്കി. സർക്കാർ ഐ.ടി പാർക്കുകളിൽ അടുത്ത അഞ്ചുവർഷത്തിനുള്ളിൽ ഒരു കോടി ചതുരശ്രയടി ഐ.ടി. സ്പേസ് പൂർത്തിയാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ടെക്നോപാർക്കിലും കൊച്ചി ഇൻഫോപാർക്കിലും കോഴിക്കോട് സൈബർപാർക്കിലും പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സ്റ്റാർട്ടപ്പ് രംഗം ശക്തിപ്പെടുത്തുന്നതിലൂടെയും കാർഷിക മേഖലയിലെ കൃഷിക്കൂട്ടങ്ങളിലൂടെയും മൂല്യവർദ്ധിത കാർഷിക മിഷന്റെ ഭാഗമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും അറിയിച്ചു. ഗ്രാഫീൻ ഉൽപ്പന്നങ്ങളുടെ ഗവേഷണം, വിപണി കണ്ടെത്തൽ എന്നിവ വിഭാവനം ചെയ്യുന്ന ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീനിന്റെ

പ്രവർത്തനത്തിനായി കിൻഫ്ര ഹൈടെക് പാർക്കിൽ ക്ലീൻ റൂം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും 2023 സെപ്റ്റംബർ മാസത്തോടെ സെന്റർ പ്രവർത്തനക്ഷമമാകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

5 (*5) <u>ഗ്രാമപഞ്ചായത്തുകളിൽ പൗര സഹായ കേന്ദ്രം</u>

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, ഗ്രാമപഞ്ചായത്തുകൾ നല്കുന്ന സേവനങ്ങൾക്ക് പുറമെ വിവിധ വകുപ്പുകൾ/ഏജൻസികളിൽ നിന്നുള്ള സേവനങ്ങളും വിവരങ്ങളും ലഭ്യമാക്കുന്നതിനായി 'ഒപ്പമുണ്ട് ഉറപ്പാണ്' എന്ന ടാഗ് ലൈനോടുകൂടി മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും പൗര സഹായ കേന്ദ്രം ആരംഭിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടെന്നും 2023 ഏപ്രിൽ മുതൽ ഈ സംവിധാനം നിലവിൽ വരുമെന്നും സഭയെ അറിയിച്ചു. ഗ്രാമപഞ്ചായത്തുകളിൽ നിയോഗിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാരും കുടുംബശ്രീ ഹെൽപ്ഡെസ്ക് സംവിധാനവും കൂടാതെ എം.എസ്.ഡബ്ല്യു. യോഗ്യതയുള്ളവരെ 'കില' വഴി പരിശീലനം നൽകി നിയോഗിച്ചും സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഗ്രാമപഞ്ചായത്തുകളിൽ ഏർപ്പെടുത്തിയ ഇന്റഗ്രേറ്റഡ്

ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സംവിധാനത്തിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും കൈപ്പറ്റ് രസീത് നൽകുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും പൗര സഹായ കേന്ദ്രത്തിന്റെ പ്രവർത്തനം സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും ഓൺലൈൻ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് സജ്ജരാക്കുന്നതിനുമുള്ള പ്രചരണ പരിപാടികൾ നടത്തുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

6 (*6) <u>തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കാൻ നടപടി</u>

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപ്പുസാമ്പത്തിക വർഷം ഇതുവരെ 743.21 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെന്ന് സഭയെ അറിയിച്ചു. 2022-23 വർഷം കേന്ദ്രസർക്കാർ അനുവദിച്ച 6 കോടി തൊഴിൽദിനങ്ങൾ നവംബർ മാസത്തിൽത്തന്നെ മറികടന്നതിനാൽ 8.5 കോടി തൊഴിൽദിനങ്ങളായി ലേബർ ബഡ്ജറ്റ് പുതുക്കിയിട്ടുണ്ടെന്നും പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് 10 ലക്ഷം അധികം തൊഴിൽ നൽകുന്ന ട്രൈബൽ പ്ലസ് പദ്ധതി നടപ്പാക്കിവരുന്നുണ്ടെന്നും തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന 15 ലക്ഷം തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അവിദഗ്ധ വേതനം, മെറ്റീരിയൽ തുക, ഭരണചെലവിനുള്ള തുക എന്നിവ യഥാസമയം ലഭ്യമാക്കാത്തതും തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിന് ഏർപ്പെടുത്തിയ മൊബൈൽ ആപ്പ്, NMMS-ലെ സാങ്കേതിക പ്രശ്നങ്ങൾ എന്നിവ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിൽ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ടെന്നും കേന്ദ്ര സർക്കാർ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങളും നിബന്ധനകളും പുന:പരിശോധിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്താറുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

******************